പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *103 — 03.12.2015 -ൽ മറുപടിക്ക്.

## ഒരു രൂപയ്ക്ക് റേഷൻ അരി നൽകുന്ന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.സി.പി.മുഹമ്മദ്**<br>**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഒരു രൂപയ്ക്ക് റേഷൻ അരി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) വിലക്കയറ്റം തടയുന്നതിനും സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബി.പി.എൽ, എ.എ.വൈ വിഭാഗങ്ങൾക്ക് ഒരു രൂപയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നതിനും സാധിച്ചു. |
| (സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) അർഹരായ ആദിവാസി കുടുംബങ്ങളേയും പ്രാചീന ഗോത്ര വർഗ്ഗ കുടുംബങ്ങളേയും ഏറ്റവും ദരിദ്രരിൽ ദരിദ്രരായ വിഭാഗങ്ങളെയും എ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഡ് നല്കുന്നുണ്ട്. എ.എ.വൈ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം 35 കിലോഗ്രാം അരി വീതം ഒരു രൂപ നിരക്കിൽ നല്കി വരുന്നു.<br>ബി.പി.എൽ വിഭാഗത്തിൽ 'ആശ്രയ' പദ്ധതിയിൽ അംഗമായിട്ടുള്ളവർ, മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, വിധവകൾ, എയ്ഡ്സ് രോഗികൾ, ക്യാൻസർ രോഗികൾ, ഡയാലിസിസിനു വിധേയമായവർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരേയും ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുന്ന എല്ലാവരേയും ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രതിമാസം 25 കിലോഗ്രാം അരി ഒരു രൂപ നിരക്കിൽ നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ